## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1250 13.12.2012- ൽ മറുപടിക്ക്**

**ഉരുൾപൊട്ടലുകളും മലവെള്ളപ്പാച്ചിലും**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ ഗുരുദാസൻ | | ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്ത് കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിൽ ഉൾപ്പെടെ ഏതെല്ലാം സ്ഥലങ്ങളിൽ ഉരുൾപൊട്ടലുകളും മലവെള്ളപ്പാച്ചിലും ഉണ്ടാവുകയുണ്ടായി; ഇതിൽപ്പെട്ട് മരണപ്പെട്ടവർ എത്ര; എത്ര വീടുകളും കടകളും മറ്റ് കെട്ടിടങ്ങളും നശിക്കുകയുണ്ടായി; | (എ) | നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്ത് കണ്ണൂർ, കോഴിക്കോട്, എറണാകുളം, ഇടുക്കി, പാലക്കാട്, കോട്ടയം, കൊല്ലം എന്നീ ജില്ലകളിൽ ഉരുൾപൊട്ടലും മലവെള്ളപ്പാച്ചിലും ഉണ്ടായി. പ്രകൃതിക്ഷോഭം നിമിത്തം 17 പേർ മരണപ്പെടുകയും, 2885- ഓളം വീടുകൾ നശിക്കുകയും ചെയ്തു. |
| (ബി) | ഓരോ സ്ഥലത്തെയും നാശനഷ്ടങ്ങൾ സംബന്ധിച്ച വിശദമായ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ജില്ലാ അടിസ്ഥാനത്തിൽ ശക്തമായ മഴയിലും ഉരുൾപ്പൊട്ടലിലും ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് കണക്കാക്കപ്പെട്ട തുക ചുവടെ ചേർക്കുന്നു.<br><br>കണ്ണൂർ - 25,92,65,829/-<br>കോഴിക്കോട് - 42,04,57,060/-<br>വയനാട് - 11,55,788/-<br>എറണാകുളം - 61,86,86,850/-<br>ഇടുക്കി - 1,64,220/-<br>പാലക്കാട് - 12,33,32,57,000/-<br>കോട്ടയം - 77,23,140/-<br><br>**ആകെ 1,43,07,09,887/-** |
| (സി) | ജീവനും സ്വത്തിനും നഷ്ടങ്ങളുണ്ടായവരുടെ ആശ്രിതർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കുകയുണ്ടായി; കണക്കാക്കപ്പെട്ട നാശങ്ങൾക്കനുസൃതമായി സഹായം ലഭ്യമാക്കിയിട്ടുണ്ടോ ? | (സി) | 06.08.2012 ൽ കോഴിക്കോടും കണ്ണൂരിലുമുണ്ടായ ഉരുൾപൊട്ടലിലും, വെള്ളപ്പൊക്കത്തിലും നാശനഷ്ടം സംഭവിച്ചവർക്ക് സർക്കാർ താഴെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>1). മരണമടഞ്ഞ ഓരോ വ്യക്തിയുടെയും കുടുംബത്തിന് 3 ലക്ഷം രൂപ വീതം (per deceased person) ധനസഹായം അനുവദിക്കും.<br>2). ഭൂമി നഷ്ടപ്പെട്ടവർക്ക് ഏറ്റവും ചുരുങ്ങിയത് 5 സെന്റും പരമാവധി ഒരേക്കറും എന്ന പരിധിക്കുള്ളിൽ നിർത്തി നഷ്ടപ്പെട്ട ഭൂമിക്ക് തുല്യമായ ഭൂമി |

| | | | |
|---|---|---|---|
| | | | നൽകും.<br>3). വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് 1 ലക്ഷം രൂപ വീതം അനുവദിക്കും. കൂടാതെ ഇന്ദിരാ ആവാസ് യോജനാ പദ്ധതിയിൽ ഉൾപ്പെടുത്തി ഇവർക്ക് വീട് നിർമ്മിച്ചു നൽകും. ഇപ്രകാരം വീട് വേണ്ടാത്തവർക്ക് 2 ലക്ഷം രൂപ ധനസഹായം നൽകും.<br>4).പ്രകൃതിക്ഷോഭത്താൽ മാറ്റിപ്പാർപ്പിക്കപ്പെട്ട ആളുകൾക്ക് ഒരു മാസത്തേക്ക് സൗജന്യ റേഷൻ.<br>5).റിലീഫ് ക്യാമ്പുകളിൽ താമസിക്കുന്നവർക്ക് താത്കാലികാവശ്യങ്ങൾക്കായി ഒരു കുടുംബത്തിന് 5,000/- രൂപ എന്ന നിരക്കിൽ എക്സ്ഗ്രേഷ്യ അനുവദിക്കും.<br>6). കേടുപാടുകൾ പറ്റിയ വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി 35,000/- രൂപ വരെ നൽകും. ഇത് പോരാതെ വരുന്ന കേസുകളിൽ ജില്ലാ കളക്ടർക്ക് 15,000/- രൂപ കൂടി അനുവദിക്കാം.<br>7).ആശുപത്രികളിൽ കിടത്തി ചികിത്സിക്കേണ്ടി വന്ന രോഗികൾക്ക് പരമാവധി 5,000/- രൂപ വരെ അനുവദിക്കും.<br>8). വീട്ടുപകരണങ്ങളും മറ്റും നശിച്ചവർക്ക് 10,000/- രൂപ വരെ നഷ്ടപരിഹാരം നൽകും.<br>9). ഒരു ലക്ഷം രൂപ വരെ നഷ്ടം സംഭവിച്ച കച്ചവടക്കാർക്ക് ജില്ലാ കളക്ടർ കണക്കാക്കുന്ന തുക നഷ്ടപരിഹാരമായി നൽകും. (പരമാവധി ഒരു ലക്ഷം രുപ)<br>10). ഒരു ലക്ഷത്തിനു മേൽ രണ്ട് ലക്ഷം രൂപ വരെ നഷ്ടം സംഭവിച്ചവർക്ക് ഒരു ലക്ഷം രൂപയും ഒരു ലക്ഷത്തിനുമേൽ വരുന്ന നഷ്ടത്തിന്റെ 50 ശതമാനവും നഷ്ടപരിഹാരമായി നൽകും. (പരമാവധി 1.5 ലക്ഷം രൂപ)<br>11). രണ്ട് ലക്ഷം രൂപ മുതൽ മൂന്ന് ലക്ഷം രൂപ വരെ നഷ്ടം സംഭവിച്ചവർക്ക് ഒന്നര ലക്ഷം രൂപയും രണ്ട് ലക്ഷത്തിനു മേൽ വരുന്ന നഷ്ടത്തിന്റെ 25 ശതമാനവും നഷ്ടപരിഹാരമായി നൽകും. (പരമാവധി 1.75 ലക്ഷം രൂപ)<br>12). മൂന്ന് ലക്ഷം രൂപ മുതൽ അഞ്ച് ലക്ഷം രൂപ വരെ നഷ്ടം സംഭവിച്ചവർക്ക് 1.75 ലക്ഷം രൂപയും മൂന്ന് ലക്ഷത്തിനു മേൽ വരുന്ന നഷ്ടത്തിന്റെ 20 ശതമാനവും നഷ്ടപരിഹാരമായി നൽകും. (പരമാവധി 2.15 ലക്ഷം രൂപ)<br>13). അഞ്ച് ലക്ഷം രൂപയ്ക്കു മേൽ നഷ്ടം |

സംഭവിച്ചവർക്ക് പരമാവധി 2.5 ലക്ഷം രൂപ വരെ നഷ്ടപരിഹാരമായി നൽകും.

എറണാകുളം, കോട്ടയം എന്നിവിടങ്ങളിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് സർക്കാർ താഴെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കാൻ തീരുമാനിച്ചു.

1). മരണമടഞ്ഞ ഓരോ വ്യക്തിയുടെയും കുടുംബത്തിന് (per deceased person) മൂന്ന് ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കും.
2). ഭൂമി നഷ്ടപ്പെട്ടവർക്ക് 5 സെന്റ് സ്ഥലവും വീടും നിർമ്മിച്ചു നൽകും.
3).പ്രകൃതിക്ഷോഭം മൂലം ഉപയോഗയോഗ്യമല്ലാതായി തീർന്ന കൃഷിഭൂമി ന്യായമായ വില നൽകി സർക്കാർ ഏറ്റെടുക്കും.
4). കൃഷിനാശം നേരിട്ടവർക്ക് പുതുക്കിയ നിരക്കിലുള്ള നഷ്ടപരിഹാരതുക അനുവദിക്കും.
5). കിണറുകൾ നഷ്ടപ്പെട്ട 8 പേർക്ക് കിണർ കുഴിക്കുന്നതിനായി 30,000/- രൂപ വീതം അനുവദിക്കും.
6).പ്രകൃതിക്ഷോഭത്തിന് ഇരയായ കുടുംബത്തിലെ വിദ്യാർത്ഥിനി (അനിതാ ഗോപാലൻ) എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പ (80,000/- രൂപ) സർക്കാർ തിരിച്ചടയ്ക്കും.
7). പ്രകൃതിക്ഷോഭത്തിൽ പരിക്കേറ്റവർക്ക് (ശ്രീ. രാജേഷ്, 2 വയസ്സുള്ള കുട്ടി) എന്നിവർക്കുള്ള വിദഗ്ദ്ധ ചികിത്സാ ചിലവുകൾ പൂർണ്ണമായും സർക്കാർ വഹിക്കും.
8). വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് ഒരു കുടുംബത്തിന് പരമാവധി ഇരുപതിനായിരം രൂപ വീതം നഷ്ടപരിഹാരം നൽകും.
9).പ്രകൃതിക്ഷോഭത്തിൽപ്പെട്ട് നശിച്ചുപോയ രണ്ട് മോട്ടോർ സൈക്കിളുകൾക്ക് ഇൻഷുറൻസ് പരിരക്ഷയില്ലെങ്കിൽ 30,000/- രൂപ വീതം നഷ്ടപരിഹാരം നൽകും.
10). വീട് നഷ്ടപ്പെട്ട പതിമൂന്ന് കുടുംബങ്ങൾക്ക് പുതിയ വീട് വയ്ക്കുന്നതുവരെ താൽക്കാലിക താമസ സൗകര്യം ഒരുക്കിക്കൊടുക്കും.

സെക്ഷൻ ഓഫീസർ